# RRV GIRLS HIGHER SECONDARY SCHOOL, KILIMANOOR

## FIRST YEAR HIGHER SECONDARY PRE MODEL EXAM- 2023

www.rrvgirls.com

## Malayalam

**Maximum: 80 Scores**

Time: $2^{1/2}$ Hours

RRV GIRLS HSS Kilimanoor — Cool – off time: 15 Minutes

**ഒന്നു മുതൽ അഞ്ച് വരെ ചോദ്യങ്ങളിൽ ഏതെങ്കിലും നാല് എണ്ണത്തിന് 2 ഉത്തരങ്ങൾ തെരഞ്ഞെടുത്ത് എഴുതുക (4×2=8)**

1. മത്സ്യം എന്ന കവിതയ്ക്ക് ചേരാത്ത രണ്ട് പ്രസ്താവനകൾ തെരഞ്ഞെടുത്തെഴുതുക

a )വാക്കുകൾക്ക് സാധാരണ അർത്ഥത്തിനപ്പുറമുള്ള അർത്ഥം

b)വൃത്തമാണ് കവിതയുടെ ശക്തി

c)വിഷാദമാണ് സ്ഥായീ ഭാവം

d)ചെറുതുകളുടെ അതിജീവനം

2.സന്ദർശനത്തിലെ 'കിനാവ് ചുരന്നു, എന്ന പദം ആവിഷ്കരിക്കുന്ന രണ്ട് ഭാവങ്ങൾ a )ഭൂതകാല വൈകാരികത

b)പ്രണയ നിർവൃതി

c)പഴയപ്രണയത്തോടുള്ള അതൃപ്തി

d)വർത്തമാനക്ലേശം

3 .മുഹിയുദ്ദീൻ മാലയ്ക്ക് അനുയോജ്യമായ രണ്ട് വിശേഷണങ്ങൾ

a )അറബി മലയാളസാഹിത്യത്തിലെ ആദ്യ കൃതി

b)സൂഫി ശ്രേഷ്ഠന്റെ അപദാനങ്ങൾ വാഴ്ത്തുന്നു

C)രചനാകാലം അറിവില്ല

d)കേരളീയതയാണ് പ്രമേയം

Downloaded from www.hssreporter.com

4: "ഏറിയ ദു:ഖത്തിലും ജീവിതോല്ലാസത്തിൻ്റെ

വേരുറപ്പിവിടേപ്പോൽ

കാണുമോ വേറെങ്ങാനും, '

ഈ വരികളിലെ കാഴ്ചപ്പാട്

a ) ദുഃഖത്തെ മറികടന്ന് ജീവിതം മുന്നോട്ടു പോകും

b)ഗ്രാമീണ ജീവിതത്തിൽ ദുഃഖം മാത്രമേയുള്ളൂ

c)ജീവിതത്തിന് അർത്ഥമില്ല

d)ഗ്രാമീണർക്ക് ദുഃഖത്തെ അതിജീവിക്കാനുള്ള മാനസിക ബലം കൂടുതലായി ഉണ്ട്

5.കൈപ്പാട് എന്ന ഡോക്യുമെൻ്ററി മുന്നോട്ട് വയ്ക്കുന്ന രണ്ട് ആശയങ്ങൾ

a)ആധുനിക കാലഘട്ടത്തിൽ കൃഷി വ്യവസായമായി മാറണം

b)പ്രകൃതിയും മനുഷ്യനും തമ്മിലുള്ള പരസ്പര സഹകരണം

c)ശാസ്ത്രീയ കീടനാശിനി പ്രയോഗിക്കാത്ത കൃഷി രീതി സാധ്യമാണ്

d)വികസനത്തിന് കൈപ്പാടുകൾ തടസ്സമാണ്

**ആറ് മുതൽ ഒൻപതു വരെ ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്ന് എണ്ണത്തിന് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരം എഴുതുക (3×2=6)**

6.കേൾക്കുന്നുണ്ടോ എന്ന ഹ്രസ്വചിത്രത്തിൽ പ്രധാനമെന്ന് നിങ്ങൾ കരുതുന്ന ആശയം എന്ത്?

7."എത്ര ദുർബലയാണ് താൻ , എത്ര ഹീനയാണ് - മിസ്സിസ്സായർക്ക് ഇങ്ങനെ തോന്നിയത് എന്തുകൊണ്ട്? (ലാത്തിയും വെടിയുണ്ടയും )

8.സന്ദർശനത്തിൽ 'മൗനം കുടിക്കുക, എന്ന പ്രമേയം ധ്വനിപ്പിക്കുന്നതെന്ത്?

9'."അരുളുള്ളവനാണ് ജീവി, എന്നതിൻ്റെ പൊരുൾ എന്ത്?

Downloaded from www.hssreporter.com

**10 മുതൽ 15 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും അഞ്ചെണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക ( 5×4=20)**

10. "ഓരോ വൃക്ഷവും വേരുകളിലൂടെ ആകാശത്തോളം ഉയർന്നുനിൽക്കുന്നത് ആസ്വദിക്കണമെങ്കിൽ നാം വേരുകളോളം താഴണം" എന്ന നിരീക്ഷണത്തിലെ കാഴ്ചപ്പാട് എന്ത്?

11."പിള്ളാരെ നുള്ളിനാലെന്നങ്ങ് ചൊല്ലിട്ട്

പീലി കൊണ്ടെന്നെയടിച്ചാളമ്മ " ശ്രീകൃഷ്ണനും അമ്മയും തമ്മിലുള്ള ബന്ധം (പീലിക്കണ്ണുകൾ)വ്യക്തമാക്കാൻ ഈ വരികൾ എത്രമാത്രം യോജിച്ചതാണ് . അഭിപ്രായം കുറിക്കുക ?

12.വാസനാവികൃതി എന്ന ചെറുകഥയിൽ ഉപയോഗിച്ചിട്ടുള്ള ഏതെങ്കിലും രണ്ട് പഴഞ്ചൊല്ലുകൾ എഴുതുക?

13. ഒരേ മാനത്ത് പ്രത്യക്ഷപ്പെടുന്ന യുദ്ധവിമാനവും തിരുവാതിര നക്ഷത്രവും (ഊഞ്ഞാലിൽ) നൽകുന്ന അർത്ഥ സാധ്യതകൾ വ്യക്തമാക്കുക?

14. 'മുഹയുദ്ദീൻ മാലയിലെ ലളിതമായ ഭാഷയിലൂടെ അബ്ദുൽ ഖാദർ ജീലാനിയുടെ അസാധാരണ മഹത്വം അവതരിപ്പിക്കാൻ ഖാസി മുഹമ്മദിന് കഴിഞ്ഞിട്ടുണ്ടോ. പാഠഭാഗം ആസ്പദമാക്കി പരിശോധിക്കുക?

15.നൃത്തം ,ഗാനം, ശില്പം ഇവ തമ്മിലുള്ള ബന്ധം എന്താണെന്നാണ് എം എൻ വിജയൻ നിരീക്ഷിക്കുന്നത്?

**16 മുതൽ 21 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക (5×6=30)**

16. "കഥയെ കുറിച്ചുള്ള സാമാന്യ സങ്കല്പങ്ങളിൽ നിന്ന് വ്യത്യസ്തമാണ് ബഷീറിൻ്റെ അനർഘനിമിഷം, ഈ നിരീക്ഷണം എത്രമാത്രം ഉചിതമാണ്?

17 .'കായലരികത്ത് എന്ന ഗാനത്തെ നിത്യഹരിതമാക്കുന്നതിൽ നർമ്മത്തിൻ്റെആവിഷ്കാരം സഹായിക്കുന്നുണ്ടോ. വിശദമാക്കുക?

18. 'എല്ലാറ്റിനേയും ചുട്ട് ചാമ്പലാക്കാൻ കഴിയുന്ന ഒരു സാമൂഹിക വ്യവസ്ഥിതിയിൽ മത്സ്യത്തിൻ്റെ ചെറുത്തുനിൽപ്പ് ആവേശം പകരുന്നതാണോ. വിലയിരുത്തുക?

Downloaded from www.hssreporter.com

19:കൃഷ്ണൻ്റെ ബാല്യകാലസ്മരണകളിൽ തെളിയുന്ന ചിത്രങ്ങൾ തെരഞ്ഞെടുക്കുന്നതിൽ കവി കാണിച്ച ഔചിത്യം ചർച്ച ചെയ്യുക?

20.ശസ്ത്രക്രിയ എന്ന കഥ സ്നേഹത്തെക്കുറിച്ച് ചില പുതിയ പാഠങ്ങൾ നൽകുന്നു.വിശകലനം ചെയ്യുക?

21.സൈക്കിൾ മോഷ്ടാക്കളിൽ മറ്റെന്തിനെക്കാളും പ്രധാനമായിരിക്കുന്നത് പ്രത്യാശയാണെന്ന് വിജയകൃഷ്ണൻ നിരീക്ഷിക്കുന്നു. വിശകലനം ചെയ്ത് നിലപാട് വ്യക്തമാക്കുക?

**22 മുതൽ 24 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക (2×8=16)**

22.സ്ത്രീ ശാക്തീകരണത്തിനുള്ള ഉണർത്തുപാട്ടായി സംക്രമണത്തെ കരുതാമോ. നിരൂപണം ചെയ്യുക?

23.സ്വപ്നലോകത്തെ ആവിഷ്കരിക്കാറുള്ള ജനപ്രിയ കച്ചവട സിനിമകളിൽ നിന്ന് സൈക്കിൾ മോഷ്ടാക്കൾ എങ്ങനെ വ്യത്യസ്തമാകുന്നു. ചർച്ച ചെയ്യുക?

24."കൊല കുടുക്കാക്കാവുന്ന കയറി നെഊഞ്ഞാലാക്കി തീർക്കാൻ കഴിയും" എന്ന അര നൂറ്റാണ്ട് മുൻപത്തെ ദർശനം വർത്തമാനകാലത്തും പ്രസക്തമാണ്. സ്വാഭിപ്രായം വ്യക്തമാക്കുക?

*Prepared By:*
*Asitha Nath.G.R,Principal,RRVGHSS,Kilimanoor,Mob:9400574585*
*Sreeja C L, HSST Malayalam, RRVGHSS, Kilimanoor, Mob:9400570969*

Downloaded from www.hssreporter.com